# കാവും യക്ഷിയും

കാവുകൾ പ്രകൃതിയുടെ സന്തുലിതാവസ്ഥയെ നിലനിർത്താൻ മനുഷ്യനാൽ നിർമ്മിക്കപ്പെട്ടിട്ടുള്ള കാട് വയ്പുകളാണ്, യക്ഷികൾ അതിന്റെ സംരക്ഷകരും.

കൃഷിക്കായിട്ട് കാടുകൾ വെട്ടിത്തെളിച്ച് മണ്ണ് നിരപ്പാക്കുമ്പോൾ കാലാവസ്ഥക്ക് വ്യതിയാനങ്ങൾ ഉണ്ടാകുന്നുണ്ടെന്നും, ശുദ്ധവായുവും ജലവും ആവശ്യത്തിന് ഇല്ലാതെ വരുന്നുണ്ടെന്നും പൂർവ്വികർ കണ്ടറിഞ്ഞിരുന്നു. ഒരുക്കപ്പെട്ട കൃഷിയിടത്തിലെല്ലായിടത്തും ഊറ്റുറവ് കിട്ടത്തക്ക വിധത്തിൽ മരങ്ങളും കാട്ടു ചോലകളും വച്ചു പിടിപ്പിച്ചാൽ ഒരു പരിധി വരെ പൂരകങ്ങളാകുമെന്നും അറിഞ്ഞിരുന്നു. അങ്ങിനെ വച്ചു പിടിപ്പിക്കപ്പെട്ട കാടുകളാണ് കാവുകൾ.

ആ കാടു വയ്പുകളെ അവർ ആരാധനയോടെ കാണുകയും, തങ്ങളുടെ ആരാധനാ മൂർത്തികളെ അവിടെ കുടിയിരുത്തുകയും ചെയ്തിരുന്നു. വായുവും ജലവും അഗ്നിയുമൊക്കെ ആയിരുന്നു അന്നത്തെ ആരാധനാ മൂർത്തികൾ. അവർക്കെല്ലാം സാങ്കല്പീക ഇരിപ്പിടങ്ങൾ, അല്ലെങ്കിൽ കല്ലുകൾ ചെത്തിയുണ്ടാക്കിയ ഇരിപ്പിടങ്ങൾ തന്നെ ഒരുക്കിയിരുന്നു.

പിന്നീടു വന്ന തലമുറ നിർമ്മിച്ച കാടുകളിലെ ഈടുറ്റ മരങ്ങൾ മുറിച്ചെടുത്ത് ഉപയോഗിക്കാൻ തുടങ്ങി. അതു വീണ്ടും പ്രകൃതിയുടെ അസന്തുലിതാവസ്ഥയിലേക്കേ പോവുകയുള്ളൂവെന്നും, മനുഷ്യനു തന്നെ ഹാനിയാകുമെന്നും അറിഞ്ഞിരുന്നവർ, ദുർമൂർത്തികളായ യക്ഷികളും കാവുകളിൽ വസിക്കുന്നുണ്ടെന്നും, അവരെ അലോരസപ്പെടുത്തിയാൽ പൈശാചികമായ മരണങ്ങൾ സംഭവിക്കുമെന്നും സമൂഹത്തെ ധരിപ്പിച്ചു.

പക്ഷെ, കാലങ്ങൾ കാവുകൾക്കും യക്ഷികൾക്കും ഒരുപാട് വർണ്ണങ്ങളും വർണ്ണനകളും രൂപങ്ങളും ഭാവങ്ങളും കൊടുത്തു. പുതിയ, പുതിയ കഥകളും കോർത്തു കെട്ടി കൊടുത്തു.

പുതിയ കഥകളിൽ ഒരു കാര്യം പ്രസ്ഥാവ്യം, യക്ഷികൾ അകാലത്തിൽ ജീവിതത്തോടു വിട പറയേണ്ടി വന്നിട്ടുള്ള സ്ത്രീ (യുവതി)കളായിരുന്നു, പീഡിപ്പിക്കപ്പെട്ട് കൊല ചെയ്യപ്പെടുകയുമായിരുന്നു.

പീഡകർ ഇന്നത്തെപ്പോലെ അന്നും അധികാരം കയ്യാളുന്നവർ, സമ്പത്ത് അടക്കി വാഴുന്നവർ, അവരുടെ പിണിയാളുകൾ തന്നെയായിരുന്നു. അവർ തന്നെയാണ് പുതിയ കഥകൾ പറഞ്ഞു പരത്തിയിരുന്നതും, അവരുടെ അടങ്ങാത്ത മോഹങ്ങളുടേയും വിഭ്രമങ്ങളുടേയും കഥകൾ.

'അസമയം' എന്ന കഥയും പ്രകൃതിയുടെ സന്തുലിതാവസ്ഥയെ നശിപ്പിക്കുന്നതിന്റേയും ജീവനെ നിലനിർത്താൻ കഴിയാത്ത സാഹചര്യം ഉണ്ടാക്കിയിരിക്കുന്നതിന്റേയും സത്യാവസ്ഥയാണ് അറിയിക്കുന്നത്. അതിനോട് പ്രതികരിക്കുന്ന യക്ഷി സമൂഹത്തിൽ ബാക്കി നിൽക്കുന്ന നന്മയാണ്, മനുഷ്യത്വമാണ്.

എങ്കിൽ, അവൾ നമ്മുടെ കാടുകളെ വെട്ടി നശിപ്പിക്കുന്ന, മലകളെ പൊടിച്ചെടുത്ത് പാടങ്ങളിൽ നിക്ഷേപിക്കുന്ന, ബാലികമാരെ പീഡിപ്പിക്കുന്ന ദുഷ്ടമനസ്സുകളിൽ വിഭ്രമ താണ്ഡവമാടട്ടെ......

എന്താകിലും 'അസമയം' എന്ന കഥ നമ്മെ മോഹിപ്പിക്കുകയും വിസ്മയിപ്പിക്കുകയും വിഭ്രമിപ്പിക്കുകയും ചെയ്യുമെന്നത് സത്യം.

*ശ്രീ. ഒ.എം.യൂസഫിന്റെ 'അസമയം' എന്ന കഥക്ക് എഴുതിയ ആമുഖം.